## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3094 21/6/2013 ൽ മറുപടിയ്ക്ക്

### പച്ചത്തേങ്ങാസംഭരണം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ. കെ. ബാലൻ<br>' ' പി. റ്റി. എ. റഹീം<br>ശ്രീമതി കെ. കെ. ലതിക<br>ശ്രീ. എം. ചന്ദ്രൻ | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് പച്ചത്തേങ്ങാ സംഭരണം ആരംഭിച്ചുവോ; | (എ) | 2013 ജനുവരി മാസം ഒന്നാം തീയതി മുതൽ സംസ്ഥാനത്ത് പച്ചത്തേങ്ങ സംഭരണം നടപ്പിലാക്കി വരുന്നു. |
| (ബി) | നാളിതുവരെയുള്ള സംഭരണ നടപടികളുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശ ങ്ങൾ നൽകാമോ; | (ബി)<br>&<br>(സി)<br>&<br>(ഡി) | പച്ചനാളികേര സംഭരണ നടപടികൾ ആരംഭിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന എട്ടു ജില്ലകളിലും സംഭരണ നടപടികൾ വിലയിരുത്തിയിട്ടുണ്ട്. കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, പാലക്കാട്, കാസർഗോഡ് ജില്ലകളിലെ 270 കൃഷിഭവനുകളിലൂടെ 42704 കർഷകരിൽ നിന്നുമാണ് 23464.77 ടൺ പച്ചനാളികേരം ഇതുവരെ സംഭരിച്ചിട്ടുള്ളത്. പദ്ധതി ആരംഭിച്ചപ്പോൾ ഒരു കിലോ നാളികേരം 14 രൂപ നിരക്കിലാണ് സംഭരിച്ചിട്ടുള്ളതെങ്കിലും 2013 ജനുവരി മാസം പകുതിയോടെ സംഭരണവില ഉയർത്തി കിലോക്ക് 16 രൂപയാക്കിയിട്ടുണ്ട്. കർഷകർക്ക് ഏറെ ലാഭകരമായിട്ടാണ് സംഭരണവില ഇത്തരത്തിൽ വർദ്ധിപ്പിച്ചിട്ടുള്ളത്. പച്ചത്തേങ്ങ സംഭരണത്തിന് ടാർജറ്റ് നിശ്ചയിച്ചിട്ടില്ല. കർഷകർ നൽകുന്ന മൊത്തം പച്ചനാളികേരവും പദ്ധതി പ്രകാരം സംഭരിച്ചു വരുന്നു. |
| (സി) | പച്ചത്തേങ്ങാ സംഭരണം നട ത്തിയതുമൂലം നാളികേര ത്തിന്റെ വിലയിൽ കർഷകന് ലഭിക്കേണ്ട തുക ഗുണകര മായി വർദ്ധിച്ചിട്ടുണ്ടോ; | | |
| (ഡി) | എത്ര പച്ചത്തേങ്ങയാണ് നാളിതുവരെ സംഭരിച്ചതെന്ന് അറിയിക്കാമോ; ലക്ഷ്യം എത്ര യായിരുന്നു? | | |

സെക്ഷൻ ഓഫീസർ